## പരിശുദ്ധാത്മാവിനോടുള്ള  നൊവേന

**പ്രാരംഭഗാനം**

പരിശുദ്ധാത്മാവേ നീയെഴുന്നള്ളി
വരണമേ എന്റെ ഹൃദയത്തിൽ
ദിവ്യ ദാനങ്ങൾ ചിന്തിയെന്നുള്ളിൽ
ദൈവസ്നേഹം നിറയ്ക്കണെ

**പ്രാരംഭ പ്രാർത്ഥന**

**കാർമ്മികൻ :** ഞങ്ങളുടെ സ്രഷ്ടാവും പിതാവും സംരക്ഷകനുമായ ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. അവിടുത്തെ സ്നേഹം ഞങ്ങൾക്കു വെളിപ്പെടുത്താനായി മനുഷ്യാവതാരം ചെയ്ത ഈശോയേ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. ഞങ്ങളുടെ രക്ഷകനും നാഥനുമാണ് ഈശോ എന്ന തിരിച്ചറിവ് ഞങ്ങൾക്കു നൽകുന്ന പരിശുദ്ധാത്മാവേ, ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു.

ലോകസ്ഥാപനം മുതൽ അങ്ങേ ദിവ്യസാന്നിദ്ധ്യത്താൽ ഭൂമിയുടെ മുഖം നവീകരിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവേ ഞങ്ങൾ അങ്ങയെ മഹത്വപ്പെടുത്തുന്നു. സെഹിയോൻ ഊട്ടുശാലയിൽ ദാഹത്തോടെ കാത്തിരുന്ന പരിശുദ്ധ അമ്മയുടെയും ശ്ലീഹന്മാരുടെയും മേൽ ഇറങ്ങി വന്ന പരിശുദ്ധാത്മാവേ, ഞങ്ങളുടെ മേലും ഈ സമൂഹത്തിന്റെ മേലും ഇറങ്ങി വരണമേ. ഞങ്ങളുടെ ഹൃദയങ്ങളെ അങ്ങയുടെ കൃപയാൽ നിറയ്ക്കണമേ. അവിടുത്തെ ആലയമായ ഞങ്ങളുടെ ശരീരത്തെ അങ്ങ് വിശുദ്ധീകരിക്കണമേ. പിതാവിന്റെയും പുത്രന്റെയും ആത്മാവേ, ഞങ്ങൾക്ക് ആഴമുള്ള ദൈവസ്നേഹാനുഭവത്തിലും വിശ്വാസത്തിലും വളരാൻ ആവശ്യമായ കൃപ നൽകുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ എന്നേയ്ക്കും.

**സമൂഹം :** ആമ്മേൻ.

**കാർമ്മികൻ :** പരിശുദ്ധാത്മാവേ വരേണമേ, അങ്ങയുടെ വിശ്വസ്തതയുടെയും സ്നേഹത്തിന്റെയും അഗ്നിയാൽ ഞങ്ങളെ ജ്വലിപ്പിക്കണമേ.

**സമൂഹം :** അങ്ങയുടെ സാന്നിധ്യത്താൽ ഭൂമിയുടെ മുഖം നവീകരിക്കണമേ.

**പരിശുദ്ധാത്മാവിനോടുള്ള ജപം**

**കാർമ്മികൻ :** പരിശുദ്ധാത്മാവേ! എഴുന്നള്ളിവരിക *(സമൂഹവും ചേർന്ന്)* അങ്ങേ വെളിവിന്റെ കതിരുകളെ ആകാശത്തിൽനിന്നു അയച്ചുകൊള്ളുക. അഗതികളുടെ പിതാവേ! ദാനങ്ങൾ കൊടുക്കുന്നവനേ! ഹൃദയത്തിന്റെ പ്രകാശമേ! എഴുന്നള്ളിവരിക. എത്രയും നന്നായി ആശ്വസിപ്പിക്കുന്നവനേ! ആത്മാവിനു മധുരമായ വിരുന്നേ! മധുരമായ തണുപ്പേ! അലച്ചിലിൽ സുഖമേ! ഉഷ്ണത്തിൽ തണുപ്പേ! കരച്ചിലിൽ സൈ്വര്യമേ! എഴുന്നള്ളിവരിക. എത്രയും ആനന്ദത്തോടുകൂടിയിരിക്കുന്ന പ്രകാശമേ! അങ്ങേ വിശ്വാസികളുടെ ഹൃദയത്തിന്റെ ഉള്ളുകളെ നിറയ്ക്കുക. അങ്ങേ വെളിവുകൂടാതെ മനുഷ്യരിൽ പാപമല്ലാതെ യാതൊന്നുമില്ല. അറപ്പുള്ളതു കഴുകുക. വാടിപ്പോയതു നനയ്ക്കുക. മുറിവേറ്റിരിക്കുന്നത് വച്ചുകെട്ടുക. രോഗപ്പെട്ടത് സുഖമാക്കുക. കടുപ്പമുള്ളതു മയപ്പെടുത്തുക. തണുപ്പുള്ളത് ചൂടുപിടിപ്പിക്കുക. നേർവഴിയല്ലാതെ പോയതു തിരിക്കുക. അങ്ങിൽ ശരണപ്പെട്ടിരിക്കുന്ന വിശ്വാസികൾക്ക് അങ്ങേ ഏഴു വിശുദ്ധ ദാനങ്ങൾ നൽകുക. ഭാഗ്യമരണവും പുണ്യയോഗ്യതയും, നിത്യാനന്ദവും ഞങ്ങൾക്ക് തരിക. ആമ്മേൻ.

**കാർമ്മികൻ** ത്രീതൈ്വക ദൈവമേ, അങ്ങയുടെ വിശ്വസ്തരുടെ ഹൃദയങ്ങളെ ആത്മാവിന്റെ വെളിച്ചത്താൽ നയിക്കുകയും അങ്ങേ ആത്മാവിനെ ഞങ്ങൾക്ക് തരികയും ചെയ്യണമേ. അങ്ങേ ദിവ്യ പ്രചോദനത്താൽ സത്യത്തെ തിരിച്ചറിയാനും നല്ലത് രുചിച്ചറിയാനും എപ്പോഴും അങ്ങേ സാന്ത്വനത്തിന്റെ പരിമളം അനുഭവിക്കാനും ഞങ്ങൾക്ക് ഇടയാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും

**സമൂഹം :** ആമ്മേൻ

## *ദിവസത്തിന്റെ പ്രാർത്ഥനകൾ*

### ഒന്നാം ദിവസം

***വചനഭാഗം:* യോഹ 14, 14-26**

**കാർമ്മികൻ :** പരിശുദ്ധാത്മാവേ... അങ്ങേ പരിശുദ്ധമായ അരൂപി ഞങ്ങളുടെ ഹൃദയങ്ങളിൽ നിറച്ചുകൊണ്ട് അങ്ങു ഞങ്ങൾക്കായി നൽകുന്നതും ചെയ്യുന്നതുമായ അനുഗ്രഹങ്ങളോർത്ത് ഒരിക്കലും വിട്ടുപിരിയാതെ അങ്ങയെ ആത്മാർത്ഥമായി സ്നേഹിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. അങ്ങു ദാനമായി നൽകിയ ഈ ജിവിതത്തിൽ ഞങ്ങളുടെ കർത്താവും ഗുരുവും സ്നേഹിതനുമായ ഈശോയെപ്പോലെ ചുറ്റുമുള്ളവരെയെല്ലാം നിസ്വാർത്ഥമായി സ്നേഹിക്കാനും അവരുടെ ആവശ്യങ്ങളിലെല്ലാം അവരെ സഹായിക്കുന്നതിൽ സന്തോഷം കണ്ടെത്താനും ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും

**സമൂഹം :** ആമ്മേൻ

### രണ്ടാം ദിവസം

***വചനഭാഗം :* യോഹ 7, 37-39**

**കാർമ്മികൻ :** പരിശുദ്ധാത്മാവേ നീയെഴുന്നള്ളി വരിക, പരിശുദ്ധാത്മ ഫലമായ ആനന്ദത്താൽ ഞങ്ങളെ നിറയ്ക്കുകയും എപ്പോഴും സന്തോഷത്തോടെ കഴിയാൻ ഞങ്ങളെ സഹായിക്കുകയും ചെയ്യണമേ. പ്രതീക്ഷയ്ക്ക് വിപരീതമായ കാര്യങ്ങൾ സംഭവിക്കുമ്പോൾ പുഞ്ചിരിയോടെ നേരിടാനും, ഞങ്ങൾക്കുണ്ടാകുന്ന നഷ്ടങ്ങളിലെല്ലാം നന്മയുടെ വശം കണ്ടെത്താനും, അങ്ങേയ്ക്കു നന്ദി പറയാനും ഞങ്ങൾക്കാകട്ടെ. ഞെരുക്കങ്ങളുണ്ടാകുമ്പോൾ ഞങ്ങളിലെ പ്രത്യാശ നഷ്ടപ്പെടാതെ കാക്കണമേ. എല്ലായ്പ്പോഴും എന്റെ ഇഷ്ടമല്ല, അങ്ങയുടെ ഇഷ്ടം നിറവേറട്ടെ എന്നു പൂർണ്ണമനസ്സോടെ പറയാൻ ഞങ്ങളെ കഴിവുള്ളവരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും

**സമൂഹം :** ആമ്മേൻ

### മൂന്നാം ദിവസം

***വചനഭാഗം :* 1 കോറി 12, 1-11**

**കാർമ്മികൻ :** ദൈവമേ, പരിശുദ്ധാത്മ ഫലമായ സമാധാനവും അനുദിന ജീവിതത്തിലെ പ്രതിസന്ധികളിൽ ആകുലപ്പെടാതെ, അസ്വസ്ഥരാകാതെ എല്ലാം ശാന്തതയോടെ നേരിടുന്നതിനുള്ള കൃപയും നൽകി ഞങ്ങളെ സഹായിക്കണമേ. അനുദിനജീവിതത്തിലെ പ്രയാസങ്ങളിലും മറ്റുമുണ്ടാകുന്ന ബുദ്ധിമുട്ടുകളിൽ സമചിത്തതയോടെ, സമാധാനത്തോടെ വർത്തിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും

**സമൂഹം :** ആമ്മേൻ

### നാലാം ദിവസം

***വചനഭാഗം :* അപ്പ 4, 23-31**

**കാർമ്മികൻ :** പരിശുദ്ധാത്മാവായ ദൈവമേ, ആത്മാവിന്റെ ഫലമായ ക്ഷമയാൽ ഞങ്ങളെ നിറയ്ക്കണമേ. ഞങ്ങൾ ആയിരിക്കുന്ന എല്ലാ ജീവിതസാഹചര്യങ്ങളിലും സമചിത്തത കൈവിടാതെ, മറ്റുള്ളവരോട് സഹിഷ്ണുതയോടെ വർത്തിക്കാൻ ഞങ്ങളെ സഹായിക്കണമേ. അസ്വസ്ഥരാകുകയും കോപിക്കുകയും എതിർക്കുകയും ചെയ്യാൻ സാദ്ധ്യതയുള്ള എല്ലാ സാഹചര്യങ്ങളിലും അങ്ങു ഞങ്ങൾക്കു കൂട്ടായിരിക്കണമേ. ഞങ്ങളുടെ പ്രതീക്ഷയ്ക്കനുസരിച്ച് കാര്യങ്ങൾ നടക്കാതെ വരുമ്പോഴും വിപരീതമായവ സംഭവിക്കുമ്പോഴും, പ്രത്യാശ നഷ്ടപ്പെടാതെ എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്ന അങ്ങയുടെ പരിപാലനയിലാശ്രയിച്ച് ക്ഷമയോടെ നിലകൊള്ളാൻ ഞങ്ങളെ സഹായിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും

**സമൂഹം :** ആമ്മേൻ

## അഞ്ചാം ദിവസം

*വചനഭാഗം :* **1 കോറി 14, 1-5**

**കാർമ്മികൻ :** പരിശുദ്ധാത്മാവായ ദൈവമേ, ദയയെന്ന പരിശുദ്ധാത്മഫലത്താൽ ഞങ്ങളെ നിറയ്ക്കണമേ. മറ്റുള്ളവർക്കു നന്മ ചെയ്യാൻ കിട്ടുന്ന അവസരങ്ങൾ നഷ്ടപ്പെടുത്താതിരിക്കാനും, നന്മ ചെയ്യുന്നതിൽ സന്തോഷിക്കാനും മടുപ്പുതോന്നാതിരിക്കാനും ഞങ്ങളെ ശക്തരാക്കണമേ. ഞങ്ങൾക്കുള്ളത് ആവശ്യക്കാരുമായി സന്തോഷത്തോടെ പങ്കുവയ്ക്കാനും ആരെയും പുച്ഛിക്കാതെ, മുറിപ്പെടുത്താതെ, എല്ലാവരിലെയും നന്മ കാണാനും വേദനിപ്പിക്കുന്നവരോടു നിരുപാധികം ക്ഷമിക്കാനും ഞങ്ങളെ ശക്തരാക്കണമേ. എല്ലായ്പ്പോഴും എല്ലാവരോടും ദയയോടെ വർത്തിക്കാൻ ഞങ്ങളെ സഹായിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും

**സമൂഹം :** ആമ്മേൻ

## ആറാം ദിവസം

*വചനഭാഗം :* **റോമ 8, 26-40**

**കാർമ്മികൻ :** പരിശുദ്ധാത്മാവായ ദൈവമേ, അവിടുത്തെ സഹായത്താൽ നന്മയെന്ന പുണ്യം ഞങ്ങളിൽ നിറയ്ക്കണമേ. ഞങ്ങളുടെ പ്രവൃത്തികളിലൂടെ അനേകർ അങ്ങയിലേക്ക് ആകർഷിക്കുവാൻ ഇടയാകട്ടെ. ഞങ്ങൾ ആർക്കും ദുഷ്പ്രേരണയ്ക്കു കാരണമാകാതിരിക്കട്ടെ. ഞങ്ങളുടെ വാക്കുകളിലും പ്രവൃത്തികളിലും സത്യസന്ധതയും ആത്മാർത്ഥതയും ഉള്ളവരാകാൻ ഞങ്ങളെ സഹായിക്കണമേ. വിശുദ്ധമായ ചിന്തകളാൽ ഞങ്ങളെ നയിക്കണമേ. ഞങ്ങൾ ആയിരിക്കുന്ന അവസ്ഥയിൽ നിന്ന് ആയിരിക്കേണ്ട അവസ്ഥയെക്കുറിച്ചുള്ള തിരിച്ചറിവ് ഞങ്ങളിൽ എപ്പോഴും നൽകണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും

**സമൂഹം :** ആമ്മേൻ

## എഴാം ദിവസം

*വചനഭാഗം :* **ഗലാ 5, 22-26**

**കാർമ്മികൻ :** പരിശുദ്ധാത്മാവായ ദൈവമേ, അങ്ങയോടും മറ്റുള്ളവരോടും ഞങ്ങളോടു തന്നെയും വിശ്വസ്തരായിരിക്കാൻ ഞങ്ങളെ സഹായിക്കണമേ. എല്ലായ്പ്പോഴും സത്യം മാത്രം പറയാനും, താഴ്മയോടെ വർത്തിക്കാനും മറ്റുള്ളവരെ വിധിക്കാതെ ഞങ്ങളെക്കാൾ ശ്രേഷ്ഠരായി അവരെ കരുതാനും ഞങ്ങളെ അനുഗ്രഹിക്കേണമെ. ഞങ്ങളുടെ ബലഹീനതയിൽ അങ്ങ് ഞങ്ങൾക്ക് ബലം പകരണമേ. ഞങ്ങളെ സ്നേഹിക്കുന്നവരും ഞങ്ങൾ സ്നേഹിക്കുന്നവരുമായ ആരെയും വേദനിപ്പിക്കാതെ അവരെ ആത്മാർത്ഥമായി സഹായിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും

**സമൂഹം :** ആമ്മേൻ

## എട്ടാം ദിവസം

*വചനഭാഗം :* **അപ്പ 2, 37-47**

**കാർമ്മികൻ :** പരിശുദ്ധാവായ ദൈവമേ, ഞങ്ങൾക്ക് സൗമ്യതയെന്ന ഫലം അവിടുന്ന് നൽകണമേ. പരുഷമായ വാക്കുകളാലും പ്രവൃത്തികളാലും മറ്റുള്ളവരെ വേദനിപ്പിക്കാനും മുറിപ്പെടുത്താനും ഞങ്ങൾക്ക് ഇടയാകാതിരിക്കുകയും മറ്റുള്ളവരെ വേദനിപ്പിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്നവരായി ഞങ്ങൾ ഒരിക്കലും മാറാതിരിക്കുകയും ചെയ്യട്ടെ. മറ്റുള്ളവർ ഞങ്ങളോട് എങ്ങനെ പെരുമാറണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നുവോ അതുപോലെ അവരോടു പെരുമാറാനും ഞങ്ങളെ ശക്തരാക്കണമേ. ആത്മാവിന്റെ കൃപാവരത്താൽ രോഗികളോടും ദുഃഖിതരോടും പ്രായമായവരോടും അവശരോടും കരുണയും കരുതലും ഉള്ളവരായിരിക്കാൻ ഞങ്ങളെ സഹായിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും

**സമൂഹം :** ആമ്മേൻ

## ഒമ്പതാം ദിവസം

*വചനഭാഗം :* **അപ്പ 2, 1-13**

**കാർമ്മികൻ :** പരിശുദ്ധാത്മാവായ ദൈവമേ, അവിടുത്തെ അരൂപിയെ അയച്ച് ഞങ്ങൾക്ക് ആത്മസംയമനം പ്രദാനം ചെയ്യണമേ. ഞങ്ങളുടെ വികാരങ്ങളെയും നാവിനെയും നിയന്ത്രിക്കാൻ സഹായിക്കുകയും മറ്റുള്ളവരെ വേദനിപ്പിക്കുന്ന വിധത്തിലുള്ള സംസാരത്തിൽ നിന്നും പെരുമാറ്റത്തിൽ നിന്നും ഞങ്ങളെ പിന്തിരിപ്പിക്കുകയും ചെയ്യണമേ. വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും അസൂയയുടെയും ദുരാത്മാക്കളിൽ നിന്ന് ഞങ്ങളുടെ ഹൃദയങ്ങളെ വിമുക്തമാക്കണമേ. ഞങ്ങളുടെ വികാരങ്ങളും പ്രവർത്തികളും സ്നേഹത്തിൽ വേരൂന്നിയുള്ളതാകാൻ ഞങ്ങളെ അനുഗ്രഹിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും

**സമൂഹം :** ആമ്മേൻ

## കാറോസൂസ

**ശുശ്രൂ :** നമുക്കെല്ലാവർക്കും വിശ്വാസത്തോടും പ്രത്യാശയോടും കൂടെ പരിശുദ്ധാത്മാവേ, അവിടുത്തെ ദാനങ്ങളാൽ ഞങ്ങളെ നിറയ്ക്കണമേ എന്ന് അപേക്ഷിക്കാം.

**സമൂഹം : പരിശുദ്ധാത്മാവേ, അവിടുത്തെ ദാനങ്ങളാൽ ഞങ്ങളെ നിറയ്ക്കണമേ.**

**ശുശ്രൂ :** പന്തക്കുസ്തത്തിരുനാളിൽ ശ്ലീഹന്മാരുടെ മേൽ ഇറങ്ങിവന്ന് തന്റെ ദാനങ്ങളാൽ അവരെ ശക്തിപ്പെടുത്തിയ പരിശുദ്ധാത്മാവേ, അങ്ങേ ജ്ഞാനത്താൽ ഞങ്ങൾ നിറയുന്നതിനും അങ്ങേ ശക്തിയാൽ ഞങ്ങൾ വിശ്വാസത്തിൽ ആഴപ്പെടുന്നതിനും പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ഞങ്ങൾക്ക് അവബോധം ഉണ്ടാകുന്നതിനും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം : പരിശുദ്ധാത്മാവേ, അവിടുത്തെ ദാനങ്ങളാൽ ഞങ്ങളെ നിറയ്ക്കണമേ.**

**ശുശ്രൂ :** പരിശുദ്ധാത്മാവേ, അങ്ങു നൽകുന്ന എല്ലാ അറിവുകളും നന്മയ്ക്കുവേണ്ടി മാത്രം വിനിയോഗിക്കുന്നതിനും അങ്ങ് ഞങ്ങളിൽ ചൊരിഞ്ഞ എല്ലാ പുണ്യങ്ങളാലും കഴിവുകളാലും മറ്റുള്ളവർക്ക് നന്മ ചെയ്യുവാനും അതുവഴി ദൈവമഹത്വം ഉണ്ടാകുന്നതിനും ഹൃദയത്തിൽ സ്വീകരിക്കുന്ന ദൈവവചനം ജീവിതത്തിൽ മാംസം ധരിക്കുന്നതിനുമായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം : പരിശുദ്ധാത്മാവേ, അവിടുത്തെ ദാനങ്ങളാൽ ഞങ്ങളെ നിറയ്ക്കണമേ.**

**ശുശ്രൂ :** പരിശുദ്ധാത്മാവിനാൽ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ഞങ്ങൾക്ക് അങ്ങ് ദാനമായി നൽകുന്ന ബുദ്ധിയും കഴിവുകളും അവിടുത്തെ ഹിതമനുസരിച്ചു മാത്രം വിനിയോഗിക്കുന്നതിനും ചെന്നായ്ക്കളുടെ ഇടയിൽ കുഞ്ഞാടുകൾ എന്ന പോലെ ഞങ്ങൾ വിശ്വാസത്തിൽ ഉറച്ചു നിന്നുകൊണ്ട് ഈ കാലഘട്ടത്തിലെ വെല്ലുവിളികളെ വിവേകത്തോടെ നേരിടുന്നതിനും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം : പരിശുദ്ധാത്മാവേ, അവിടുത്തെ ദാനങ്ങളാൽ ഞങ്ങളെ നിറയ്ക്കണമേ.**

**ശുശ്രൂ :** ആദിമ സഭയെ ശക്തിയിലും കൃപയുടെ നിറവിലും നയിച്ച പരിശുദ്ധാത്മാവേ, രൂപതാസ്ഥാപനത്തിന്റെ നാൽപ്പതാം വാർഷികം ആചരിക്കുന്ന താമരശ്ശേരി രൂപതയെ, നിരന്തരമായ നവീകരണത്തിലൂടെ അങ്ങയിലുള്ള വിശ്വാസം ധൈര്യപൂർവ്വം പ്രഘോഷിക്കുന്നതിനും കരുണയുടെയും സ്നേഹത്തിന്റെയും അടയാളമായി എന്നും ഈ സമൂഹത്തിൽ നിലനിൽക്കുന്നതിനും ഇടയാക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം : പരിശുദ്ധാത്മാവേ, അവിടുത്തെ ദാനങ്ങളാൽ ഞങ്ങളെ നിറയ്ക്കണമേ.**

**ശുശ്രൂ :** വിദ്യാർത്ഥികളായ കുഞ്ഞുങ്ങൾ അവരുടെ പഠനങ്ങളിൽ തല്പരരാകാനും യുവതീ യുവാക്കൾ പരിശുദ്ധാരൂപിയുടെ കൃപയോടെ തങ്ങളുടെ ജീവിതാന്തസ്സ് തിരഞ്ഞെടുക്കാനും ജോലി തേടുന്നവർക്ക് അവ ലഭിക്കുന്നതിനും സാമ്പത്തികമായ ബുദ്ധിമുട്ടുകളും ജീവിത തകർച്ചകളും മാനസിക വെല്ലുവിളികളും കൊണ്ട് വിഷമിക്കുന്നവർക്ക് ആശ്വാസം നല്കുന്നതിനും ഇടവരുത്തണമേയെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം : പരിശുദ്ധാത്മാവേ, അവിടുത്തെ ദാനങ്ങളാൽ ഞങ്ങളെ നിറയ്ക്കണമേ.**

**ശുശ്രൂ :** കൂദാശകളിലൂടെ വരപ്രസാദത്താൽ ഞങ്ങളെ നിറയ്ക്കുന്ന പരിശുദ്ധാത്മാവേ, ഞങ്ങളുടെ കുടുംബങ്ങളിലും ഇടവകയിലുള്ള എല്ലാവരും കൗദാശിക ജീവിതത്തിൽ അടിസ്ഥാനമിട്ട് വളരുവാനും പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ നിറഞ്ഞ് ക്രിസ്തുവിന് സാക്ഷികളാകുവാനും തിരുസഭയുടെ ഈ ജൂബിലി വർഷത്തിൽ ഞങ്ങളെ സഹായിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം : പരിശുദ്ധാത്മാവേ, അവിടുത്തെ ദാനങ്ങളാൽ ഞങ്ങളെ നിറയ്ക്കണമേ.**

**ശുശ്രൂ :** സാർവ്വത്രിക സഭയെ നയിക്കുന്ന മാർപാപ്പയ്ക്കും മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും മറ്റെല്ലാ സഭാധികാരികൾക്കും അവരുടെ സഹപ്രവർത്തകർക്കും പരിശുദ്ധാത്മാവിന്റെ ദാനങ്ങളും വരങ്ങളും നല്കി അനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം : പരിശുദ്ധാത്മാവേ, അവിടുത്തെ ദാനങ്ങളാൽ ഞങ്ങളെ നിറയ്ക്കണമേ.**

**കാർമ്മികൻ :** പരിശുദ്ധാത്മാവിന്റെ വരദാനങ്ങളാൽ നമ്മെ നിറയ്ക്കുന്ന ദൈവത്തിന് നമുക്ക് നന്ദിപറയാം. അനുദിനജീവിതത്തിലെ നമ്മുടെ സങ്കടങ്ങളും വിഷമങ്ങളും വിവിധ രോഗപീഢകളാൽ വേദനിക്കുന്നവരെയും സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്നവരെയും പ്രതികൂല കാലാവസ്ഥയാലും മറ്റും ബുദ്ധിമുട്ടുന്ന കാർഷിക മേഖലയേയും അവിടുത്തെ മുന്നിൽ നമുക്ക് സമർപ്പിക്കാം.

*(നിശ്ശബ്ദമായി നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ പരിശുദ്ധാത്മാവിന് സമർപ്പിക്കാം)*

ഞങ്ങളെ നിരന്തരം പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവേ ഞങ്ങളിൽ വന്നു നിറയുകയും അവിടുത്തെ സംരക്ഷണത്താൽ ഞങ്ങളെ പരിപാലിക്കുകയും ഞങ്ങളുടെ ആവശ്യങ്ങളിൽ ഞങ്ങൾക്ക് സഹായമരുളുകയും ചെയ്യണമേ.

**സമൂഹം :** ആമ്മേൻ

**ലുത്തിനിയ**

കർത്താവേ, അനുഗ്രഹിക്കണമേ.
മിശിഹായേ, അനുഗ്രഹിക്കണമേ.
കർത്താവ, അനുഗ്രഹിക്കണമേ.
മിശിഹായേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.
സ്വർഗ്ഗസ്ഥനായ പിതാവായ ദൈവമേ / ഞങ്ങളെ അനുഗ്രഹിക്കണമേ.
ദൈവത്തിന്റെ പുത്രാ, ലോകവിമോചകാ / ഞങ്ങളെ അനുഗ്രഹിക്കണമേ.
പരിശുദ്ധാത്മവായ ദൈവമേ / ഞങ്ങളെ അനുഗ്രഹിക്കണമേ
പരിശുദ്ധ ത്രിത്വമേ, ഏക ദൈവമേ / ഞങ്ങളെ അനുഗ്രഹിക്കണമേ.
പിതാവിനും പുത്രനും സമനായ പരിശുദ്ധാത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
പിതാവിന്റെ വാഗ്ദാനമായ പരിശുദ്ധാത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
ലോകത്തിന്റെ മുഖം നവീകരിക്കുന്ന പരിശുദ്ധാത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
പ്രാവിന്റെ രൂപത്തിൽ ഈശോയുടെ മേൽ എഴുന്നള്ളി വന്ന പരിശുദ്ധാത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
ആദിമ ക്രൈസ്തവ സമൂഹത്തിൽ നിറഞ്ഞ പരിശുദ്ധാത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
അത്ഭുതങ്ങളും അടയാളങ്ങളും നടത്തുന്ന പരിശുദ്ധാത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
ഈശോയുടെ സാക്ഷികളാകാൻ ഞങ്ങളെ പഠിപ്പിക്കുന്ന പരിശുദ്ധാത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
വചനത്താൽ ഞങ്ങളെ ശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
സഭയിൽ എപ്പോഴും നിറഞ്ഞുനിൽക്കുന്ന പരിശുദ്ധാത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
കൂദാശകളാൽ ഞങ്ങളെ ശക്തിപ്പെടുത്തുന്ന പരിശുദ്ധാത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
പ്രാർത്ഥിക്കുവാൻ ഞങ്ങളെ പഠിപ്പിക്കുന്ന പരിശുദ്ധാത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
പ്രലോഭനങ്ങളെ അതിജീവിക്കാൻ ശക്തി നൽകുന്ന പരിശുദ്ധാത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
പാപബോധം നൽകുന്ന പരിശുദ്ധാത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.

നീതിബോധം നൽകുന്ന പരിശുദ്ധാത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
അന്ത്യവിധിയെക്കുറിച്ച് ഞങ്ങളെ പഠിപ്പിച്ച പരിശുദ്ധാത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
സത്യത്തിന്റെ പൂർണ്ണതയിലേക്ക് ഞങ്ങളെ നയിച്ച പരിശുദ്ധാത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
ഞങ്ങൾക്ക് ജീവൻ സമൃദ്ധമായി നൽകുന്ന പരിശുദ്ധാത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
ജ്ഞാനത്തിന്റെ ആത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
ബുദ്ധിയുടെ ദിവ്യപ്രകാശമേ / ഞങ്ങളിൽ വന്നു നിറയണമേ.
ജ്ഞാനത്തിന്റെ ഉറവിടമേ / ഞങ്ങളിൽ വന്നു നിറയണമേ.
ആത്മീയ ശക്തിയുടെ രശ്മികൾ പരത്തുന്നവനേ / ഞങ്ങളിൽ വന്നു നിറയണമേ.
അറിവന്റെ പ്രകാശമേ / ഞങ്ങളിൽ വന്നു നിറയണമേ.
ഭക്തിയുടെ ജീവശക്തിയേ / ഞങ്ങളിൽ വന്നു നിറയണമേ.
ദൈവഭയത്തിന്റെ പ്രകാശമേ / ഞങ്ങളിൽ വന്നു നിറയണമേ.
വിശ്വാസത്തിന്റെ ആത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
പ്രത്യാശയുടെ ആത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
സ്നേഹത്തിന്റെ ആത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
ആനന്ദത്തിന്റെ ആത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
സമാധാനത്തിന്റെ ആത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
എളിമയുടെ ആത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
മാന്യതയുടെ ആത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
ക്ഷമയുടെ ആത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
ആത്മ നിയന്ത്രണത്തിന്റെ ആത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
നന്മയുടെ ആത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
കരുണയുടെ ആത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
ഐക്യത്തിന്റെ ആത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
വിശുദ്ധിയുടെ ആത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
വിശ്വസ്തതയുടെ ആത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
ദൈവമക്കളുടെ ആത്മാവേ / ഞങ്ങളിൽ വന്നു നിറയണമേ.
സഭയുടെ സംരക്ഷകാ / ഞങ്ങളിൽ വന്നു നിറയണമേ.
ദിവ്യകൃപയുടെ ഉറവിടമേ / ഞഞങ്ങളിൽ വന്നു നിറയണമേ.
സഹനത്തിന്റെ ആശ്വാസമേ / ഞങ്ങളിൽ വന്നു നിറയണമേ.
നിത്യപ്രകാശമേ / ഞങ്ങളിൽ വന്നു നിറയണമേ.
ജീവന്റെ ഉറവയേ / ഞങ്ങളിൽ വന്നു നിറയണമേ.
ആത്മീയ അഭിഷേകമേ / ഞങ്ങളിൽ വന്നു നിറയണമേ.
മാലാഖമാരുടെ ആനന്ദമേ / ഞങ്ങളിൽ വന്നു നിറയണമേ.
പ്രവാചകന്മാരുടെ പ്രചോദനമേ / ഞങ്ങളിൽ വന്നു നിറയണമേ.
അപ്പസ്തോലന്മാരുടെ ഗുരുവേ / ഞങ്ങളിൽ വന്നു നിറയണമേ.
രക്തസാക്ഷികളുടെ ശക്തിയുടെ ഉറവിടമേ / ഞങ്ങളിൽ വന്നു നിറയണമേ.
വിശുദ്ധരുടെ ആനന്ദമേ / ഞങ്ങളിൽ വന്നു നിറയണമേ.
പരിശുദ്ധാത്മാവേ, കരുണയുള്ളവനേ / ഞങ്ങളുടെമേൽ കരുണയായിരിക്കണമേ.
പരിശുദ്ധാത്മാവേ, കരുണയുള്ളവനേ / ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
പരിശുദ്ധാത്മാവേ, കരുണയുള്ളവനേ / ഞങ്ങളെ അനുഗ്രഹിക്കണമേ.

### സമാപന പ്രാർത്ഥന

പിതാവിനോടും പുത്രനോടും സമനായ ദൈവവും സകലത്തേയും പവിത്രീകരിക്കുന്നവനും ആശ്വാസദായകനുമായ പരിശുദ്ധാത്മാവേ, എല്ലാവരെയും വിശുദ്ധീകരിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നവനേ, അങ്ങയുടെ ദാസരുടെ ഹൃദയങ്ങളിൽ നിറയണമേ, അവിടുന്ന് അത്യുന്നതനായ ദൈവത്തിന്റെ ദാനവും ജീവന്റെ ഉറവിടവും ആദ്ധ്യാത്മിക അഭിഷേകവുമാണ്. അഗ്നിയും

സ്നേഹവുമാണ്. അങ്ങുന്ന് പിതാവന്റെ വാഗ്ദാനമാണ്. ഏഴു ദാനങ്ങളുടെ ഉടമസ്ഥനാണ്. അങ്ങയുടെ ദാനങ്ങളും ഫലങ്ങളും കൊണ്ട് ഞങ്ങളെ സമ്പന്നരാക്കണമേ. വിശുദ്ധിയോടെ ചിന്തിക്കാനും വിനയത്തോടെ സംസാരിക്കാനും വിവേകത്തോടെ പ്രവർത്തിക്കാനുമുള്ള വരം നൽകണമേ. സഹനങ്ങളുടെയിടയിൽ സ്ഥിരോത്സാഹത്തോടെ പിടിച്ചു നിൽക്കാനും സംശയങ്ങളെ ദൂരീകരിക്കാനും ജീവിതത്തിലെ മോഹഭംഗങ്ങളിൽ പ്രത്യാശ കൈവിടാതിരിക്കാനും സ്നേഹിക്കാനും മറ്റുള്ളവരിൽ അങ്ങയെ കാണാനും അനുഗ്രഹിക്കണമേ. സർവ്വശക്തനായ പിതാവിനോടും അവിടുത്തെ ഏകജാതനായ യേശുക്രിസ്തുവിനോടും കൂടെ എന്നെന്നും ജീവിച്ചുവാഴുന്ന അങ്ങേക്ക് എല്ലാ സ്തുതിയും മഹത്വവും കൃതജ്ഞതയും ഉണ്ടായിരിക്കട്ടെ. ആമ്മേൻ.

## പന്തക്കുസ്താ തിരുനാൾ

***വചനഭാഗം :*** **അപ്പ 2, 1–47**

### പ്രാരംഭഗാനം

പാവനാത്മാവേ അങ്ങയെ ഞാൻ
ആരാധിക്കുന്നു സുതിക്കുന്നു.
ജീവനുമെന്റെ സർവ്വസ്വവും
മുൻപിലണച്ചു കുമ്പിടുന്നു

### പരിശുദ്ധാത്മാവിനു പ്രതിഷ്ഠിക്കുന്ന പ്രാർത്ഥന

**കാർമ്മികൻ :** ദൈവത്തിന്റെ നിത്യനായ പരിശുദ്ധാത്മാവേ, *(സമൂഹവും ചേർന്ന്)* സ്വർഗ്ഗീയ സാക്ഷികളുടെ മഹാസമൂഹത്തിനു മുമ്പിൽ, മുട്ടിന്മേൽ നിന്നുകൊണ്ട് എന്നെത്തന്നെ, എന്റെ ആത്മാവിനെയും ശരീരത്തെയും ഞാൻ അങ്ങേക്ക് സമർപ്പിക്കുന്നു. അങ്ങയുടെ പരിശുദ്ധിയുടെ വെണ്മയെയും അങ്ങയുടെ തെറ്റുവരാത്ത സൂക്ഷ്മമായ നീതിയെയും അങ്ങയുടെ സ്നേഹത്തിന്റെ ശക്തിയെയും ഞാൻ ആരാധിക്കുന്നു. അങ്ങുന്ന് എന്റെ ആത്മാവിന്റെ ശക്തിയും പ്രകാശവുമാകുന്നു. ഞാൻ അങ്ങയിൽ ജീവിക്കുകയും ചലിക്കുകയും ആയിരിക്കുകയും ചെയ്യുന്നു. അങ്ങയുടെ കൃപാവരത്തോട് അവിശ്വസ്തത കാണിച്ച് അങ്ങയെ ഒരിക്കലും ദു:ഖിപ്പിക്കരുതെന്നു ഞാൻ ആഗ്രഹിക്കുന്നു. അങ്ങേക്കെതിരായി ഏറ്റവും ചെറിയ പാപം പോലും ചെയ്ത് അങ്ങയെ ഉപദ്രവിക്കാൻ എനിക്ക് ഇടയാക്കല്ലേ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. എന്റെ ഓരോ ചിന്തയെയും അവിടുന്നു കാരുണ്യപൂർവ്വം കാത്തുസൂക്ഷിക്കണമേ. എപ്പോഴും അങ്ങയുടെ പ്രകാശത്തിലേക്കു നോക്കാനും അങ്ങയുടെ സ്വരം കേൾക്കാനും അങ്ങയുടെ കരുണാമയമായ പ്രചോദനങ്ങളെ പിന്തുടരാനും എനിക്ക് അനുഗ്രഹം നൽകണമേ. ഞാൻ അങ്ങയിൽ പൂർണ്ണമായി ആശ്രയിക്കുന്നു. എന്നെത്തന്നെ അങ്ങേക്ക് സമർപ്പിക്കുന്നു. എന്റെ ബലഹീനതയിൽ എന്നെ സംരക്ഷിക്കണമെന്നു ഞാൻ യാചിക്കുന്നു.

ഈശോയുടെ മുറിവേറ്റ പാദങ്ങളിൽ പിടിച്ചുകൊണ്ടും അവിടുത്തെ അഞ്ചു തിരുമുറിവുകളിൽ നോക്കികൊണ്ടും അവിടുത്തെ അമൂല്യരക്തത്തിൽ ആശ്രയിച്ചുകൊണ്ടും അവിടുത്തെ വിലാപ്പുറത്തെയും കുത്തിമുറിവേല്പിക്കപ്പെട്ട ഹൃദയത്തെയും ആരാധിച്ചുകൊണ്ടും ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു. ആരാധ്യനായ പരിശുദ്ധാരൂപിയും ദൗർബല്യത്തിൽ എന്റെ സഹായിയുമായ അങ്ങയോടു ഞാൻ യാചിക്കുന്നു. ഒരിക്കലും അങ്ങേക്കെതിരേ പാപം ചെയ്യാതിരിക്കാൻ അങ്ങയുടെ കൃപാവരത്താൽ സഹായിക്കണമേ. പരിശുദ്ധാത്മാവേ, പിതാവിന്റെയും പുത്രന്റെയും ചൈതന്യമേ, എനിക്ക് അനുഗ്രഹം നൽകണമേ. അങ്ങനെ എപ്പോഴും എല്ലായിടത്തും “കർത്താവേ, സംസാരിച്ചാലും അങ്ങയുടെ ദാസൻ കേൾക്കുന്നുണ്ട്” എന്ന് ഞാൻ പറയാൻ ഇടയാകട്ടെ. ആമ്മേൻ.

### സമാപനാശീർവാദം

**കാർമ്മികൻ :** പിതാവിനോടും പുത്രനോടും ഒന്നായിരിക്കുന്ന പരിശുദ്ധാത്മാവേ, എല്ലാവരെയും വിശുദ്ധീകരിക്കുകയും സാന്ത്വനപ്പെടുത്തുകും ചെയ്യുന്നവനേ, അത്യുന്നതനായ പിതാവിന്റെ ദാനവും, ജീവന്റെ ഉറവയും ആത്മീയ അഭിഷേകവും, അഗ്നിയും, സ്നേഹവുമായവനേ, അങ്ങയുടെ ദാസരുടെ ഹൃദയങ്ങളിൽ നിറയണമേ. നിങ്ങൾ സഞ്ചരിക്കുന്ന വഴികൾ അങ്ങയുടെ മഹത്വത്തിന് കാരണമാകട്ടെ. നിങ്ങളുടെ വഴികളിൽ അവിടുത്തെ അരൂപി തന്നെ നിങ്ങളെ നയിക്കട്ടെ. നിങ്ങളെ നയിക്കുവാൻ നിങ്ങളുടെ മുമ്പിലും നിങ്ങളെ പരിരക്ഷിക്കുവാൻ നിങ്ങളുടെ പിമ്പിലും നിങ്ങളെ സംരക്ഷിക്കുവാൻ നിങ്ങളുടെ മുകളിലും ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേയ്ക്കും.

**സമൂഹം :** ആമ്മേൻ